

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

## *Laity Reflect on* Syro-Malabar Sunday Mass SCRIPTURE READINGS

7 -ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

ശ്ലീഹാക്കാലം ആറാം ഞായർ

2022
ജൂലൈ 10



# പുതിയ കാഴ്ച, പുതിയ സ്വരം

ഏശ 6:1-8, 1 കോറി 1:26-31, മത്താ. 9:27-38

'ലാകത്തിലെ ഏറ്റവും നന്മയുള്ള അത്ഭുതം മനുഷ്യത്വവും സഹവർത്തിത്വവുമാണ്.' കോവിഡ് കാലത്ത് അടയാളങ്ങൾ എന്ന പേരിൽ തൃശൂർ സിറ്റി പോലീസ് ഒരുക്കിയ ഹ്രസ്വചിത്രം അവസാനിക്കുന്നത് ഈ സന്ദേശം കുറിച്ചുവച്ചാണ്.

ഈശ ഫൗണ്ടേഷൻ സ്ഥാപകൻ സദ്ഗുരുവിനോട് (ജഗ്ഗി വാസുദേവ്)

അന്വേഷി :'സദ്ഗുരോ അങ്ങ് മനുഷ്യർക്കിടയിൽ ഒരത്ഭുതമാണ്.'

സദ്ഗുരു: 'ഞാനല്ല അത്ഭുതം; എനിക്കു മുന്നിലുള്ളവരാണ് അത്ഭുതം....'

ജീവിതം ഒരു മഹാത്ഭുതമാണെന്ന് നിങ്ങൾ മനസിലാക്കുന്നതാണ് ഏറ്റവും വലിയ അത്ഭുതം. ഇവിടെയുള്ളതെല്ലാം ഒരു മായാജാലമാണ്. നിങ്ങൾ രാവിലെ കഴിക്കുന്ന ഒരു കഷണം പഴമോ, റൊട്ടിയോ മത്സ്യമോ ഉച്ചയാവുമ്പോ ഴേക്കും നിങ്ങളുടെ ശരീരത്തിന്റെ ഒരു ഭാഗമായി തീരുന്നു. ഇതിലും വലിയൊരു അത്ഭുതം വേറെ ഉണ്ടോ? ഈ അത്ഭുതം നമ്മൾ ഓരോരുത്തരും കാട്ടികൊണ്ടിരിക്കുകയല്ലേ, നിത്യവും? നമ്മുടെ അറിവോ സമ്മതമോ കൂടാതെയാണ് ഈ അത്ഭുതങ്ങൾ നടക്കുന്നത് എന്നത് മാത്രമാണ് ഒരു വ്യത്യാസം. ഒരു പഴത്തെ ബോധപൂർവം നിങ്ങൾക്ക് മനുഷ്യശരീരമായി മാറ്റാനാകുമെങ്കിൽ, സംശയമില്ല നിങ്ങൾ സാക്ഷാൽ സ്രഷ്ടാവ് തന്നെ. ഒന്നുകിൽ നിങ്ങൾ സ്രഷ്ടാവാണ്, അല്ലെങ്കിൽ നിങ്ങൾ സൃഷ്ടിയാണ്. കുറച്ചുകൂടി ആഴത്തിൽ ചിന്തിക്കാനായാൽ നിങ്ങൾ സ്രഷ്ടാവ് തന്നെയാണ്. എന്താകണമെന്നു നിങ്ങൾക്ക് തീരുമാനിക്കാം....'

അത്ഭുതങ്ങൾക്കും അടയാളങ്ങൾക്കും അമാനുഷികതയുടെയല്ല, മനുഷ്യത്വ ത്തിന്റെയും കാരുണ്യത്തിന്റെയും ലളിതഭാവമാകണമെന്നു പഠിപ്പിച്ച മഹാഗുരുവാണു ക്രിസ്തു. അവന്റെ അത്ഭുതങ്ങളത്രയും അപരനോടുള്ള കാരുണ്യത്തിന്റെ സാന്ദ്രമായ അടയാള പ്പെടുത്തലുകളായിരുന്നു. അനേകം ആത്മാവുകളിലേക്ക് അനുദിനം മഹാത്ഭുതമായി പെയ്തിറങ്ങാൻ, നാവിലലിയാൻ മാത്രം ചെറുതായി, കൈവെള്ളയിലൊതുങ്ങുന്ന കുഞ്ഞൻ അപ്പക്കഷണത്തിലേക്കു ചുരു ങ്ങിയവനെ 'ദിവ്യകാരുണ്യം' എന്നാ ണല്ലൊ നമ്മൾ പേരുവിളിച്ചത്. അപരനു കാരുണ്യമാകുന്നതിലപ്പുറം എന്ത് അത്ഭുതം..!



സിജോ പൈനാടത്ത്

അത്ഭുതങ്ങൾ കൊതിച്ച് നൊവേനത്തിരക്കിലേക്കു പോകും മുമ്പ്, വീടിനടുത്ത് ഇടവകപ്പള്ളിയിലെ സക്രാരിയിൽ നിന്നിറങ്ങിവരുന്ന ദിവ്യകാരുണ്യമെന്ന മഹാത്ഭുതത്തെ ആത്മാർഥമായി അറിയാനും അനുഭവിക്കാനുമാകണമല്ലോ. അതിലറിയാത്ത അത്ഭുതം പിന്നെങ്ങനെ....?!

## അത്ഭുതം കരുണാർദ്രം

ക്രിസ്തുവിന്റെ കരുണയുടെ ആർദ്രതയറിഞ്ഞ ചില ജീവിതങ്ങൾ, നിറഞ്ഞ മനസോടെ കൃതജ്ഞതാനിർഭരമായി പുഞ്ചിരിക്കുന്നതു കാണാം ഇന്നത്തെ സുവിശേഷത്തിൽ. സൗഖ്യം സ്വന്തമാക്കിയ അന്ധരും ഊമനുമെല്ലാം അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ക്രിസ്തുവിനെ അറിയുന്നുണ്ട്, ഏറ്റുപറയുന്നുണ്ട്, അനുഭവിക്കുന്നുമുണ്ട്. എന്നാൽ അത്ഭുതങ്ങളുടെ പ്രഘോഷണത്തേക്കാൾ, തങ്ങളുടെ തീരാസങ്കടങ്ങളുടെ ഇരുട്ടിലേക്കും മൂകതയിലേക്കും കരുണാപൂർവം ഇടപെട്ട, 'പുതു കാഴ്ചകളും പുതുസ്വരങ്ങളും' സമ്മാനിച്ച മനുഷ്യത്വത്തിന്റെ ആസ്വാദനമാണ് വചനവഴികളിൽ കൂടുതൽ ധ്യാനിക്കേണ്ടതെന്നാണ് വിചാരം.

കാഴ്ച തിരിച്ചുകിട്ടിയതിലെ അത്ഭുതം മറ്റുള്ളവർ അറിയേണ്ടതില്ലെന്ന ക്രിസ്തുവിന്റെ വിനീതമായ ഓർമപ്പെടുത്തലുണ്ട് (9.30). പുറത്തെ ഘോഷങ്ങളേക്കാൾ അകത്തെ ആരാധനയാണു കൂടുതൽ ശരിയെന്നതിന്റെ അടിവരയിടലാകും അവന്റെ ഓർമപ്പെടുത്തൽ.

## സൗഖ്യം

മത്തായിയുടെ സുവിശേഷത്തിലെ എട്ട്, ഒമ്പത് അധ്യായങ്ങൾ ക്രിസ്തുവിന്റെ പരസ്യജീവിതകാലത്തെ അത്ഭുതങ്ങളുടെ രേഖപ്പെടുത്തലാണ്. കുഷ്ഠരോഗി, ശതാധിപന്റെ ഭൃത്യൻ, പത്രോസിന്റെ അമ്മായിയമ്മ, പിശാചുബാധിതൻ, തളർവാതരോഗി, രക്തസ്രാവക്കാരി, ശതാധിപന്റെ മകൾ എന്നിവരെല്ലാം അവന്റെ അത്ഭുതങ്ങളിലെ കരുണാർദ്രമായ സൗഖ്യം അനുഭവിച്ചു. കൊടുങ്കാറ്റിനെ ശാന്തമാക്കിയതിലും ഒപ്പമുണ്ടായിരുന്നവരുടെ ആധിയകറ്റാനുള്ള അനുകമ്പയും കരുതലും കാണാം. ജനത്തോട് യേശുവിന് അനുകമ്പ തോന്നിയെന്നു കൃത്യമായി സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുമുണ്ട് (9.36).

രണ്ട് അധ്യായങ്ങളിലായി രേഖപ്പെടുത്തിയ പത്ത് അത്ഭുതങ്ങളിൽ അവസാനത്തെ രണ്ട് അത്ഭുതങ്ങളാണ് ഇന്നത്തെ സുവിശേഷത്തിലെ അന്ധർക്കു കാഴ്ച നൽകലും ഊമനെ സുഖപ്പെടുത്തലും. അനന്തരം തന്റെ വിളഭൂമിയിലേക്കു വേലക്കാരെ തേടുന്ന വിളിയും ഈ ദിനത്തിന്റെ ധ്യാനവിചാരമാകുന്നു. (9.3738). ദൈവവിളിയെപ്പറ്റിയുള്ള ഗൗരവപൂർണമായ ചിന്തകളെ ഓർമപ്പെടുത്തുന്ന പൗലോസ് ശ്ലീഹായും (1 കോറി. 1.26-31) ഇന്നു വായിക്കപ്പെടുന്നുണ്ട്.

## വിശ്വാസം; അതുണ്ടല്ലോ അല്ലേ..?!

'എനിക്ക് ഇതു ചെയ്യാൻ കഴിയുമെന്നു നിങ്ങൾ വിശ്വസിക്കുന്നുവോ?' (9.28).

കാഴ്ച തേടി കരഞ്ഞപേക്ഷിച്ച് അനുഗമിച്ച രണ്ട് അന്ധന്മാരോട് ക്രിസ്തുവിന്റെ മറുചോദ്യമാണിത്. സൗഖ്യം ആഗ്രഹിക്കുന്നവർക്കു മുമ്പിൽ ഒരേയൊരു 'ഡിമാൻഡാണ്' ക്രിസ്തുവിനു മുന്നോട്ടു വയ്ക്കാനുള്ളത്. വിശ്വാസം; അതുണ്ടല്ലോ അല്ലേ..?! സുവിശേഷത്തിൽ, അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന സമാനമായ ഘട്ടങ്ങളിൽ പലയിടത്തും യേശു ഈ അടിസ്ഥാനപരമായ ഡിമാൻഡ്, 'വിശ്വാസത്തിന്റെ വെരിഫിക്കേഷൻ' ലളിതമായി പറഞ്ഞുവയ്ക്കുന്നതു കാണാം.

ഞാനാണു പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല. ഇതു നീ വിശ്വസിക്കുന്നുവോ? (യോഹ.11. 25-26)

സ്ത്രീയേ നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ. ആ സമയം മുതൽ അവളുടെ പുത്രി സൗഖ്യമുള്ളവളായി. (മത്തായി 15.28). നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരി ക്കുന്നു. സമാധാനത്തോടെ പോവുക. (ലൂക്ക 7.50). നിനക്കു കാഴ്ചയുണ്ടാകട്ടെ. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. (ലൂക്ക 18.42-43)

വിശ്വസിക്കുന്നുവെന്ന് ഏറ്റുപറഞ്ഞ രണ്ട് അന്ധരോട് (9.28) നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്കു ഭവിക്കട്ടെ (9.29) എന്നു പറഞ്ഞുകൊണ്ടാണ് യേശു സൗഖ്യം പകരുന്നത്. വിശ്വാസം ഏറ്റുപറയുന്നിടത്ത് കണ്ണുകൾ തുറക്കപ്പെടുന്നു (9.30); പ്രത്യാശയുടെ പുതുവെട്ടം പരക്കുന്നു.

ആത്മസ്ഥിതി പുസ്തകത്തിൽ പേരുണ്ടെന്നുറപ്പിച്ച് പ്രാർഥനയ്ക്കായി കൈകൾ കൂപ്പുന്ന നമ്മോടും, പിന്നിൽ നിന്നു തോണ്ടിവിളിച്ച് അവൻ മൗനമായി ചോദിക്കുന്നുണ്ട്; ഒരുവേള നമ്മെ അസ്വസ്ഥരാക്കേണ്ട ആ ചോദ്യം: വിശ്വാസം; അതുണ്ടല്ലോ അല്ലേ...?!

## ആത്മാവിൻ അന്ധത

ജോളി ഏബ്രഹാമിന്റെ ശബ്ദത്തിൽ കേട്ട, മനോഹരമായ പഴയ ഭക്തിഗാനത്തിലെ ആദ്യവരികൾ ഇങ്ങനെ:

*അന്ധനു കാഴ്ച നൽകിയ വചനമേ*
*സന്തതമരുളുക ഒരു വചനം*
*മാരകമാമെന്റെ ആത്മാവിനന്ധത*
*ദൂരെയകറ്റി നീ സുഖമാക്കൂ...*

അന്ധത പുറം കാഴ്ചകളുടെ ഇല്ലായ്മ മാത്രമോ, ഉൾക്കാഴ്ചകളുടെ ദാരിദ്ര്യമോ എന്ന ചോദ്യവും ധ്യാനിക്കാം. ആത്മാവിൻ അന്ധത ദൂരെയകറ്റാനുള്ള കൃപയ്ക്കായി കരഞ്ഞപേക്ഷിച്ച് അവനെ അനുഗമിക്കാം; അവൻ സ്പർശിക്കും.(9.29).

## വാക്ക്- സാധ്യത, അപകടം

വാ വിട്ട വാക്കുകളും അതുണ്ടാക്കുന്ന വിവാദങ്ങളും നിറഞ്ഞ വല്ലാത്ത കാലത്താണ്, ഒരു വാക്കു പോലും പറയാനാവാത്തവനെ ക്രിസ്തു സുഖപ്പെടുത്തുന്നതിന്റെ വചനഭാഗം വീണ്ടും ധ്യാനവിചാരങ്ങളിലേക്കെത്തുന്നത്. നന്മ പൂക്കേണ്ട നാവുകളിൽ നിന്ന് അപരവിദ്വേഷത്തിന്റെയും വെറുപ്പിന്റെയും നിയമനിഷേധത്തിന്റെയുമൊക്കെ വിടുവാക്കുകൾ കളകളായി മുളച്ചുയരുന്നതിന്റെ അപകടങ്ങൾ നാം കാണുന്നുണ്ട്.

രാജ്യത്തിന്റെ ഭരണഘടനയിൽ കൊള്ളയടിസാധ്യതയും കുന്തവും കൊടച്ചക്രവുമൊക്കെയുണ്ടെന്ന പിടിവിട്ട വാക്കുകളിൽത്തട്ടിയുള്ള ഒരു

വൻവീഴ്ച കേരളം കണ്ടത് കഴിഞ്ഞ ദിനങ്ങളിലാണ്.

പൊതുവേദിയിൽ മൈക്കിനു മുന്നിൽ വർഗീയത വിളമ്പി അകത്തായവരും, അകത്തിരുന്നു വർഗീയത വിളമ്പി കൊലയ്ക്കു വഴിയൊരുക്കിയവരും വാക്കുകളുടെ ദുരന്തസാധ്യതകൾക്കു വക്താക്കളായെന്നതുകൂടി വർത്തമാനകാലം കണ്ടു.

തിന്മ ഉള്ളിലേറിയപ്പോഴാണ് അവന് വാക്കുകളും സംസാരശേഷിയും അന്യമായത്. തിന്മയെ പുറത്താക്കിയപ്പോൾ വാക്കുകൾ വീണ്ടുകിട്ടി. (9.3233). പ്രയോഗിക്കുമെന്നുറപ്പിച്ച് വിദ്വേഷവാക്കുകൾ കരുതിവച്ചിട്ടുള്ളവരുടെയും ഉള്ളിൽ തിന്മയുടെ വാസമുണ്ടാകണം. തിന്മ നാവിന്റെയും മനസിന്റെയും പടിയിറങ്ങട്ടെ, നന്മകൾ പൂക്കട്ടെ.

വേദികളിലെ മൈക്കുകൾക്കു മുന്നിൽ മാത്രമല്ല; സാമൂഹ്യമാധ്യമ പ്ലാറ്റ്ഫോമുകളിലെ വെർച്വൽ മൈക്കുകൾക്കു മുന്നിലും അപരവിദ്വേഷവും കലഹവും കൊണ്ടാടുന്നവരും വാക്കുകളുടെ സൂക്ഷ്മതയെ ധ്യാനിക്കട്ടെ. ലോകത്തിലെ ഏറ്റവും നന്മയുള്ള അത്ഭുതമാവേണ്ട മനുഷ്യത്വവും സഹവർത്തിത്വവും നിരന്തരം ഓർമിക്കട്ടെ.

ഇന്ന് അപകടകരമായി നടക്കുന്നുവെന്നും കർശനമായി നിയന്ത്രിക്കപ്പെടണമെന്നും ഫ്രാൻസിസ് പാപ്പ ഓർമിപ്പിച്ച അക്കാര്യമുണ്ടല്ലോ- വെർബൽ വയലൻസ് (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ- Gaudete et Exsultate, 2018). അത് ഇടയ്ക്കിടെ ഓർത്തേക്കാം. വാക്കുകളുടെ അപകടവും അതിക്രമങ്ങളും ഇല്ലാതാവണമെന്നു തന്നെയാണ് ഓർമപ്പെടുത്തൽ.

ജോളി ഏബ്രഹാമിന്റെ പാട്ടിന്റെ അടുത്ത വരികൾകൂടി പാടി നിർത്തട്ടെ:

നിൻ മധുവാണികൾ
കേൾക്കുവാനായെന്റെ
ബധിരത സദയം നീക്കുക നീ
താവക കരുണകൾ പാടുവാനായെന്റെ
നാവിന്റെ കുരുക്കുകളഴിക്കുക നീ.



▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com